**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6754** **11-11-2021 - ൽ മറുപടിയ്ക്ക്**

**മീറ്റ് സ്ട്രാറ്റജിക് പ്ലാൻ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മീറ്റ് സ്ട്രാറ്റജിക് പ്ലാൻ രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തു ഇറച്ചി ഉത്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള നയ രൂപീകരണത്തിനായി വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വർക്കിങ് ഗ്രൂപ്പ് രൂപീകരിച്ച് ചർച്ചകൾ പുരോഗമിച്ച് വരികയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. യുമായി സഹകരിച്ച് ബസ് സ്റ്റേഷനുകളിൽ മീറ്റ് ഷോപ്പ് കം റസ്റ്റോറന്റുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കെ.എസ്.ആർ.ടി.സി-യുടെ ബസ് സ്റ്റേഷനുകളിൽ എം.പി.ഐ. യുടെ മീറ്റ് ഷോപ്പുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കൊല്ലം, കൊട്ടാരക്കര, കണ്ണൂർ എന്നീ സ്റ്റേഷനുകളിൽ തുടങ്ങാനുള്ള 150 സ്ക്വയർ ഫീറ്റ് വീതം സ്ഥലം നൽകാനുള്ള അനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്: കൂടുതൽ സ്റ്റേഷനുകളിൽ ഇതു തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക്റസ്റ്റാറന്റും തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | സംശുദ്ധമായ ഇറച്ചി ഉൽപ്പന്നങ്ങൾ ഭക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സംശുദ്ധമായ ഇറച്ചി ഉൽപന്നങ്ങൾ ഭക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ ഉൾക്കൊള്ളിച്ചുള്ള ഒരു ബോധവൽക്കരണ പരിപാടി എം.പി.ഐ. ആസൂത്രണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി റോഡ് ഷോ, സ്കൂൾ-കോളേജ്തല വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കശാപ്പുജോലി യിലുള്ളവർ, മറ്റു ബഹുജനങ്ങൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകൾ, പരസ്യ പ്രചരണങ്ങൾ എന്നിവ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രധാനമായും ഭക്ഷ്യസുരക്ഷാ നിയമം, മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം, അറവുശാലകളിലും കശാപ്പ ജോലികളിലും ഏർപ്പെടുന്നവരും പാലിക്കേണ്ട ശുദ്ധിയും, വൃത്തിയുള്ള സാഹചര്യങ്ങളും, ജന്തുജന്യരോഗ ങ്ങളെക്കുറിച്ചുള്ള വിശദീകരണം എന്നിവ ഉൾപ്പെടുത്തിയുള്ള |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ പരിപാടി- കളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്ത് ആധുനിക അറവ് മാലിന്യ സംസ്കരണ ശാലകൾ ആരംഭിക്കുന്നതിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ഡി) | ആർ.കെ.ഐ. സ്കീമിലുൾപ്പെടുത്തി 200 ലക്ഷം രൂപ ചിലവിൽ ഒരു കോഴി മാലിന്യ സംസ്കരണ പ്ലാന്റ് എം.പി.ഐ-യുടെ ഇടയാർ ക്യാമ്പസിൽ തുടങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി NABCON-നെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും സർക്കാർ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) | അറവ് മാലിന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ബോൺ മീൽ, പെറ്റ് ഫുഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഇ) | എം.പി.ഐ. ഇടയാറിൽ സ്ഥാപിച്ചിട്ടുള്ള അത്യാധുനിക ഇറച്ചി സംസ്കരണ പ്ളാന്റിനോടു ചേർന്ന് പ്രവർത്തിക്കുന്ന അറവുമാലിന്യ സംസ്കരണ പ്ലാന്റിൽ ഇപ്പോൾതന്നെ ബോൺ മിൽ, ടാലോ എന്നിവ സംസ്കരിച്ച് വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ